"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - ഇടുക്കി ജില്ലയിൽ, ഇടുക്കി താലൂക്കിൽ, ഇടുക്കി വില്ലേജിൽ, ഇടുക്കി ആർച്ച് ഡാമിനോട് ചേർന്ന് സർവെ 161/1 പാർട്ടിൽ പെട്ട 2 ഏക്കർ ഭൂമി, തീയേറ്റർ സമുച്ചയം നിർമ്മിക്കുന്നതിനായി, പ്രതിവർഷം ആർ ഒന്നിന് 100/- രൂപ പാട്ട നിരക്കിൽ, കേരള സംസ്ഥാന ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷന് 10 വർഷത്തേയ്ക്ക് പാട്ടത്തിന് അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**റവന്യൂ (എ) വകുപ്പ്**

സ.ഉ.(കൈ) നം.333/2025/RD തീയതി,തിരുവനന്തപുരം, 16-12-2025

പരാമർശം:-

1. 27.01.2025 ൽ കെ.എസ്.എഫ്.ഡി.സി മാനേജിംഗ് ഡയറക്ടർ സമർപ്പിച്ച ലീസ് അപേക്ഷ.
2. ഇടുക്കി ജില്ലാ കളക്ടറുടെ 30.01.2025 ലെ DCIDK/1923/2023-C13 നം കത്ത്.
3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 05.02.2025 ലെ LR/5750/2023-LR(J1) നം കത്ത്.

**ഉത്തരവ്**

ഇടുക്കി ജില്ലയിൽ, ഇടുക്കി താലൂക്കിൽ, ഇടുക്കി വില്ലേജിൽ സർവെ 161/1 പാർട്ടിൽ ഉൾപ്പെട്ട വരുന്നതും, ഇടുക്കി ആർച്ച് ഡാമിനോട് ചേർന്ന് ഇടുക്കി ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ കൈവശമുള്ളതുമായ 106 ഏക്കർ ഭൂമിയിൽ നിന്നും 2 ഏക്കർ ഭൂമി തീയേറ്റർ സമുച്ചയം നിർമ്മിക്കുന്നതിലേക്കായി, കെ.എസ്.എഫ്.ഡി.സി-യ്ക്ക് പാട്ടത്തിന് നൽകുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശം (3) പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. അപേക്ഷാ വസ്തുവിന്റെ വടക്ക് അടിമാലി-കുമളി ദേശീയപാതയും, തെക്കും, കിഴക്കും ഡി.റ്റി.പി.സി വക വസ്തുവും, പടിഞ്ഞാറ് ആലിൻച്ചുവട് ക്ഷേത്രവും, കെ.എസ്.ഇ.ബി റോഡും സ്ഥിതി ചെയ്യുന്നതായും, അപേക്ഷാ വസ്തുവിന് ആർ ഒന്നിന് 25,34,400/- രൂപ കമ്പോള വിലയായി കണക്കാക്കാവുന്നതാണെന്നും, 2 ഏക്കർ ഭൂമിയ്ക്ക് 46,31,630/- രൂപ (നാൽപത്തി ആറ് ലക്ഷത്തി മുപ്പത്തിയോരായിരത്തി അറുന്നൂറ്റി മുപ്പത് രൂപ ) പാട്ടത്തുക നിശ്ചയിച്ച് നൽകാവുന്നതായും ശിപാർശ ചെയ്തിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇത്രയും വലിയ പാട്ട തുക അടയ്ക്കുന്നതിന് KSFDC യുടെ സാമ്പത്തിക നില അനുകൂലമല്ലാത്തതിനാൽ, 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 2 4 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ സവിശേഷാധികാരം വിനിയോഗിച്ച് ഇടുക്കി ജില്ലയിൽ, ഇടുക്കി താലൂക്കിൽ, ഇടുക്കി വില്ലേജിൽ, ഇടുക്കി ആർച്ച് ഡാമിനോട് ചേർന്ന് സർവ്വേ 161/1 പാർട്ടിൽ പെട്ട 2 ഏക്കർ ഭൂമി, തീയേറ്റർ സമുച്ചയം നിർമ്മിക്കുന്നതിനായി, പ്രതിവർഷം ആർ ഒന്നിന് 100/- രൂപ പാട്ട നിരക്കിൽ, ചുവടെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി കെ.എസ്.എഫ്.ഡി.സി-യ്ക്ക് 10 വർഷത്തേയ്ക്ക് പാട്ടത്തിനു അനുവദിച്ച് കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

i) ഭൂമി അനുവദിച്ച ആവശ്യത്തിന് മാത്രമെ ഉപയോഗിക്കാവൂ.

ii) ഭൂമി ഏതെങ്കിലും ധനകാര്യ സ്ഥാപനങ്ങളിൽ പണയപ്പെടുത്തുവാനോ അന്യാധീനപ്പെടുത്തുവാനോ പാടില്ല.

iii) ഭൂമി പാട്ടത്തിന്, ഉപപാട്ടത്തിനു / തറവാടകയ്ക്ക് നല്കുവാൻ പാടില്ല.

iv) ഭൂമി അനുവദിച്ച് ഒരു വർഷത്തിനുള്ളിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണ്.

v) ഭൂമി എല്ലാതരത്തിലുള്ള കൈയ്യേറ്റങ്ങളിൽ നിന്നും സ്ഥാപനം തന്നെ ചുറ്റമതിൽ കെട്ടി സംരക്ഷിക്കേണ്ടതാണ്.

vi) ഓരോ മൂന്നു വർഷം തോറും പാട്ടം പുതുക്കേണ്ടതാണ്.

vii) ഭൂമിയിലെ മരങ്ങൾ മുറിക്കുവാൻ പാടില്ല. അഥവാ മുറിക്കേണ്ടി വന്നാൽ റവന്യൂ അധികാരികളുടെ മുൻകൂർ

അനുമതി വാങ്ങിയശേഷമെ മുറിക്കുവാൻ പാടുള്ളൂ. കൂടാതെ മുറിക്കുന്നതിന്റെ മൂന്നിരട്ടി എണ്ണം വൃക്ഷത്തൈകൾ നട്ടു വളർത്തി പരിപാലിക്കേണ്ടതാണ്.

viii) പാട്ടത്തുക എല്ലാ സാമ്പത്തിക വർഷത്തിന്റെയും ആദ്യ മൂന്നു മാസത്തിനുള്ളിൽ തന്നെ ഒടുക്കേണ്ടതാണ്. പാട്ട വസ്തുവിൽ നിന്നും ഭാവിയിൽ റോഡ് വികസനം, സർവ്വീസ് ലൈനുകൾ സ്ഥാപിക്കൽ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയ്ക്ക് സ്ഥലം ആവശ്യമായി വരികയാണെങ്കിൽ ആയത് നിർബന്ധമായും നഷ്ടപരിഹാരം കൂടാതെ സർക്കാരിന് നല്കേണ്ടതാണ്.

ix) മേൽപ്പറഞ്ഞ നിബന്ധനകളിൽ ഏതെങ്കിലും ഒന്ന് ലംഘിക്കുന്ന പക്ഷം ഭൂമി ചമയങ്ങളടക്കം റവന്യൂ വകുപ്പിൽ പുനർനിക്ഷിപ്തമാകുന്നതാണ് .

3. ഇക്കാര്യത്തിൽ ആവശ്യമായ നിയമാനുസൃത തുടർ നടപടികൾ ഇടുക്കി ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എം ജി രാജമാണിക്കം

സെക്രട്ടറി

1. ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരളം, തിരുവനന്തപുരം.
3. ജില്ലാ കളക്ടർ, ഇടുക്കി.
4. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷൻ, തിരുവനന്തപുരം.
5. ധനകാര്യ വകുപ്പ് (E-3103584/EXP-D3/64/2025-FIN, dated 02.08.2025)
6. സാംസ്കാരിക (എ) വകുപ്പ് (CLAD-A3/76/2022-CLAD)
7. ടൂറിസം (എ) വകുപ്പ് (TOUR-A 3/334/2025-TOUR)
8. പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നം.3357, തീയതി 29.10.2025, ഇനം നം.3392, തീയതി 05.11.2025)
9. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ)
10. കരുതൽ ഫയൽ (എ2/94/2024)

ഉത്തരവിൻ പ്രകാരം

Signed by

Prathapachandran S

Date: 17-12-2025 10:47:59

സെക്ഷൻ ഓഫീസർ